**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2858** **13-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ഫീൽഡ് ചാനൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കച്ചേരി പാറപ്പുറത്ത്-മലയംകുളം ഫീൽഡ് ചാനൽ നിർമ്മാണ പദ്ധതി സാധ്യമാക്കാൻ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കമോ? | (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ കച്ചേരി പാറപ്പുറത്ത്-മലയംകുളം ഫീൽഡ് ചാനൽ നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും കൂടാതെ എടച്ചേരി ഗ്രാമപഞ്ചായത്ത് 2020-2021 വാർഷിക പദ്ധതിയിൽ 158/2 നമ്പർ ഡെപ്പോസിറ്റ് വർക്കായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തിക്കായി 17.08 ലക്ഷം രൂപ നഗര സഞ്ചയ പദ്ധതിയിലും 3.125 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായും ആകെ 20.205 ലക്ഷം രൂപ ആണ് ഇത്തവണ വകയിരുത്തിയത്. ആകെ 800 മീറ്റർ നീളമുള്ള കച്ചേരി - പാറപ്പുറത്ത് ഫീൽഡ് ചാനലിന്റെ 109മീറ്റർ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേക്ക് കൈമാറുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ